Week:2

# Weekly Devotion - June 2018

## Change of a stony heart (കല്ലായുള്ള ഹൃദയത്തിന്റെ മാറ്റം




ഒരിക്കൽ ഒരു സുവിശേഷകൻ തെരുവിൽ നിന്നുകൊണ്ട് പ്രസംഗിക്കുകയായിരുന്നു. ദൈവസ്നേഹത്തെപ്പറ്റി അദ്ദേഹം വർണ്ണിക്കുമ്പോൾ ഒരു നാസ്തികൻ അവിടെ വന്നിട്ട് "ഒരു ദൈവമുണ്ടെങ്കിൽ പത്തുമിനിറ്റിനകം ഞാൻ ചത്തു വീഴട്ടെയെന്ന്" ദൈവത്തെ വെല്ലുവിളിച്ചു. സമയം മുന്നോട്ടുപോയി. പത്തല്ല പതിനഞ്ചുമിനിട്ട് കഴിഞ്ഞിട്ടും തനിക്ക് ഒന്നും സംഭവിച്ചില്ല എന്ന് കണ്ട നാസ്തികൻ ദൈവത്തെയും സുവിശേഷകനെയും, കേൾവിക്കാരെയും എല്ലാം പരിഹരിച്ചു. ഇതു കേട്ടുകൊണ്ടു നിന്ന ഒരു സ്ത്രീ ചോദിച്ചു, താങ്കളുടെ മകൻ ഒരു കത്തിയെടുത്ത് താങ്കളുടെ കൈയ്യിൽ തന്നിട്ട് എന്നെകൊല്ലുക എന്നു പറഞ്ഞാൽ താങ്കൾ അത് ചെയ്യുമോ? അയ്യോ......... ഇല്ല - അയാൾ വിലപിച്ചു. അതേ അതുപോലെയാണ് പിതാവാം ദൈവവും. സ്വർഗ്ഗീയപിതാവ് നിങ്ങളെ വളരെയധികം സ്നേഹിക്കുന്നതുകൊണ്ടാണ് താങ്കളെ നശിപ്പിക്കാത്തത്. ഇനിയെങ്കിലും പിതാവിന്റെ സ്നേഹത്തെ മനസ്സിലാക്കുക കഠിന ഹൃദയം മാറ്റി, പുതിയ അവസ്ഥയിലാക്കുക. തെറ്റു മനസ്സിലാക്കിയ അദ്ദേഹം ക്രിസ്തുവിനെ തന്റെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. ദൈവത്തിന്റെ സ്നേഹം വിശുദ്ധവും വിശാലവുമാണ്.

യെഹ: 36:26,27 വാക്യങ്ങളിൽ നിന്നും യഹോവ വരുത്തുന്ന മാറ്റങ്ങളെപ്പറ്റി ചിന്തിക്കാം

1. പഴയ ഹൃദയം പുതിയതായി മാറുന്നു.
2. കല്ലായുള്ള ഹൃദയം മാംസള ഹൃദയമായി മാറുന്നു.
3. പഴയഹൃദയത്തിൽ നിന്നും സാത്താന്റെ സിംഹാസനം മാറി പരിശുദ്ധാത്മാവിന്റെ ഇരിപ്പിടം എത്തുന്നു.
4. അപ്പോൾ ഇരുട്ടുമാറി വെളിച്ചം എത്തിയതിനാൽ ക്രൂരസ്വഭാവം മാറി, കരുണ, ആർദ്രത, സ്നേഹം ഇവയുടെ പ്രവേശനം നടക്കുന്നു.

5. പുതിയ ഹൃദയത്തിനുടമയായാൽ ദിനംതോറും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലാകുന്നു.

A heart of stone means a person who doesn't show others sympathy or pity and a very cold unfeeling nature.
A heart of flesh is as gentle as a spring season, as fragrant and tender as a rose.

ദൈവീക ന്യായപ്രമാണം ഉള്ളിലുള്ളവർക്ക് ദൈവം നൽകുന്ന വാഗ്ദത്തം യെശ:(51:6,7) ൽ കാണുന്നു. അവന്റെ രക്ഷ എന്നേക്കും നമ്മോടു കൂടെയിരിഷ്പാൻ ഒരു വീണ്ടെടുപ്പും മടങ്ങി വരവും ആവശ്യമാണ്.

**വീണ്ടെടുപ്പിന്റെ മൂന്ന് പടികൾ**

1. ശുദ്ധീകരണം - യെഹെ: (36:25)

"ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും" രണ്ട് തരത്തിലാണ് ശുദ്ധീകരണം നടക്കുന്നത്

**(a) രക്തത്താൽ- (1 യോഹ:1:7b)**

അവന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിയ്ക്കുന്നു. അവനിൽ ഇരുൾ ഇല്ലാത്തതിനാൽ നാം ഇരുളില്ലാത്തവരായി വെളിച്ചത്തിൽ നടക്കണം. രക്തത്താലുള്ള ശുദ്ധീകരണം കഴിയുമ്പോൾ നാം അവനുമായി കൂട്ടായ്മയിലാകുന്നു.

**(b)വചനത്താൽ (സങ്കീ 119:9)**

അവൻ നമ്മോടു സംസാരിച്ച വചനം നമ്മിൽ മാറ്റം വരുത്തുന്നു. അഷോ : പ്രവ: (9:5) ൽ തന്റെ ശ്വാസത്തിൽ പോലും ക്രിസ്ത്യാനിയെ വെറുത്ത ശൗൽ അവരെ കൊല്ലുവാനുള്ള അധികാരപത്രവും കയ്യിൽ വഹിച്ചിരുന്നു. " പേർ ചൊല്ലി വിളിച്ചവൻ നീ ഉപദ്രവിക്കുന്ന യേശു ആണ് ഞാൻ" എന്ന വാക്ക് അവന്റെ അവസ്ഥ മാറ്റി.
പുതിയ ഹൃദയം - രക്തത്താലും വചനത്താലും വിണ്ടെടുക്കുന്നവന് പുതിയ ഹൃദയം ലഭിയ്ക്കുന്നു. Read ലൂക്കോ: (8:15)

(3) പുതിയ ആത്മാവ് - തന്റെ ശിഷ്യന്മാർ കാത്തിരുന്ന് പ്രാർത്ഥിച്ച് പരിശുദ്ധാത്മാവിനെ പ്രാപിച്ചതുപോലെ ഇന്നും ചോദിക്കുന്നവർക്ക് അവൻ പരിശുദ്ധാത്മാവിനെ നൽകുന്നു.

ആത്മാവിനെ പ്രാപിച്ചവർ ഇത് ദൈവ മഹത്വത്തിനും, സഭയുടെ വളർച്ചയ്ക്കുമേ ഉപയോഗിക്കാവു. അല്ലെങ്കിൽ സ്കേവയുടെ മകളുടെ അനുഭവം ഉണ്ടാകുന്നു.

അഷോ: പ്രവ: (19:13- 17)

പ്രിയരേ, പാപജീവിതവും പിന്മാറ്റ ജീവിതവും, നഷ്ടവും അപമാനവും അടിമത്വവും മാത്രം നൽകുമ്പോൾ മടങ്ങിവരവിന്റെയും മാനസാന്തരത്തിന്റെയും ജീവിതം, സന്തോഷവും സമാധാനവും നൽകുന്നു. മാംസളഹൃദയത്തിന്റെ

സന്തോഷം അനുഭവിപ്പാൻ നമ്മെ നമുക്കേല്പിക്കാം കൃപാലുവാം രക്ഷകന്റെ കരങ്ങളിൽ . അതിനായി ദൈവം നിങ്ങളെ ഒരുക്കട്ടെ.

*Santhamma Varghese*

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*

*Facebook: https://www.facebook.com/biblestudyind*